**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 474** **05-10-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ ബൈപാസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ നിലമ്പൂർ ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട ഏതെല്ലാം ഫയലുകളും ഉത്തരവുകളും കത്തുകളും സന്ദേശങ്ങളുമാണ് ധനവകുപ്പിന്റെ പരിഗണനയിൽ നിലവിലുള്ളതെന്നും ആയതിന്റെ തൽസ്ഥിതിയും വിശദാംശങ്ങളും എന്തൊക്കെയാണെന്നും അറിയിക്കാമോ; ഇവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ; | (എ) | നിലവിൽ നിലമ്പൂർ ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട ഫയലുകളും കത്തുകളും ധനവകുപ്പിന്റെ പരിഗണനയിലില്ല. |
| (ബി) | നിലമ്പൂർ ബൈപാസിന്റെ ആദ്യഘട്ട നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന് സ്ഥലം ഉടമകൾക്ക് നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനായി ധനവകുപ്പ് നാളിതുവരെ എത്ര തുക അനുവദിച്ചുവെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | നിലമ്പൂർ ബൈപാസിന്റെ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ധനവകുപ്പ് താഴെ പറയുന്ന തുകകൾക്ക് അനുമതി നൽകുകയും അതിൻ പ്രകാരം ഭരണ വകുപ്പ് ഭരണാനുമതി ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. നം. ഉത്തരവ് തുക 1 GO(Rt)No. 1216/2013/PWD dated 10.09.2013 14 കോടി രൂപ 2 GO(Rt)No. 1568/2016/PWD dated 15.11.2016 1.20 കോടി രൂപ 3 GO(Rt)No. 1177/2018/PWD dated 30.07.2018 10 കോടി രൂപ 4 GO(Rt)No. 8564/2019/PWD dated 31.10.2019 സ്ഥലം ഏറ്റെടുക്കലിനായി ആകെ അനുവദിച്ച 35.20 കോടി രൂപയിൽ 20 കോടി രൂപയുടെ ലെറ്റർ ഓഫ് ക്രെഡിറ്റ് (LOC) അനുവദിച്ചിട്ടുണ്ട്. |
| (സി) | നിലമ്പൂർ ബൈപ്പാസിന്റെ ആദ്യഘട്ടത്തിന് വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിന് ഇനിയും എത്ര തുകയാണ് ധനവകുപ്പ് അനുവദിക്കേണ്ടതെന്ന് അറിയിക്കാമോ; ഇക്കാര്യം ആവശ്യപ്പെട്ട് പൊതുമരാമത്ത് വകുപ്പ് നൽകിയ അപേക്ഷയിൽ സ്വീകരിച്ച നടപടികളെന്തെന്ന് വിശദമാക്കാമോ; | (സി) | 21/01/2021 ലെ സ.ഉ(സ) നം. 90/2021/PWD പ്രകാരം നിലമ്പൂർ ബൈപാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 140.43 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിൻ പ്രകാരം സ്ഥലം ഏറ്റെടുക്കലിനായി 34.15 കോടി രൂപ അനുവദിക്കണമെന്ന ഭരണ വകുപ്പ് ശുപാർശ ധന വകുപ്പ് പരിശോധിക്കുകയും നിലമ്പൂർ ബൈപാസ് നിർമ്മാണത്തിന്റെ പുതുക്കിയ പ്രൊജക്റ്റ് കോസ്റ്റിന്റെ ശുപാർശ സമർപ്പിക്കുവാൻ ഭരണ വകുപ്പിനോട് |

| | | | |
|---|---|---|---|
| | | | ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ആയത് ഇതുവരെ ധനവകുപ്പിൽ ലഭ്യമായിട്ടില്ല. |
| (ഡി) | സ്ഥലം ഏറ്റെടുക്കുന്നതിന് നഷ്ടപരിഹാരം ആവശ്യപ്പെട്ടുള്ള അപേക്ഷകളിലോ ഫയലുകളിലോ ധനവകുപ്പ് സാധാരണയായി സാങ്കേതിക പരിശോധനകൾ നടത്താറുണ്ടോ; ഏതൊക്കെ തരം സാങ്കേതിക പ്രശ്നങ്ങളാണ് ഇത്തരം അപേക്ഷകളിൽ ധനവകുപ്പിന് സാധാരണ പുന:പരിശോധിക്കേണ്ടതായി വരുന്നതെന്ന് അറിയിക്കാമോ? | (ഡി) | ഇല്ല |

സെക്ഷൻ ഓഫീസർ